**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 801** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരായ മുഴുവന്‍ ആദിവാസി കുടുംബങ്ങള്‍ക്കും ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരായ മുഴുവന്‍ ആദിവാസി കുടുംബങ്ങള്‍ക്കും ഒരേക്കര്‍ ഭൂമിയെങ്കിലും പതിച്ച് നല്‍കുവാനുള്ള നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവര്‍ഗ്ഗക്കാര്‍ക്ക് ഒരേക്കര്‍ ഭൂമി നല്‍കുമെന്ന തീരുമാനം പൂര്‍ണ്ണതോതില്‍ പ്രാവര്‍ത്തികമാക്കുവാന്‍ സാധിച്ചിട്ടില്ല. എല്ലാവര്‍ക്കും ഒരേക്കര്‍ വീതം ഭൂമി നല്‍കുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവര്‍ഗ്ഗ കുടുംബങ്ങള്‍ക്ക് ആദിവാസി പുനരധിവാസ വികസന മിഷന്‍ മുഖേന വനാവകാശ നിയമം, ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചു വരുന്നു. വനാവകാശ നിയമം, നിക്ഷിപ്തവനഭൂമി വിതരണം, ലാന്റ് ബാങ്ക് പദ്ധതി എന്നിവ മുഖേന നാളിതുവരെ 39,098 പേര്‍ക്ക് 48,655.98 ഏക്കര്‍ ഭൂമി അനുവദിച്ചു നല്‍കിയിട്ടുണ്ട്. |
| (ബി) | ആദിവാസി ജനതയ്ക്ക് വാസയോഗ്യമായ ഗൃഹങ്ങള്‍ നിര്‍മ്മിച്ച് നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ; | (ബി) | പട്ടികവര്‍ഗ്ഗ കുടുംബങ്ങള്‍ക്ക് ലൈഫ് മിഷന്‍ മുഖേന ഭവന നിര്‍മ്മാണം നടപ്പിലാക്കിവരുന്നുണ്ട്. ഭവന നിര്‍മ്മാണത്തിനായി പട്ടികവര്‍ഗ്ഗ സങ്കേതങ്ങള്‍ക്ക് അകത്ത് താമസിക്കുന്നവര്‍ക്ക് 6 ലക്ഷം രൂപയും, പട്ടികവര്‍ഗ്ഗ സങ്കേതങ്ങള്‍ക്ക് പുറത്ത് താമസിക്കുന്നവര്‍ക്ക് 4 ലക്ഷം രൂപയും ധനസഹായം അനുവദിച്ചു വരുന്നു. കൂടാതെ പട്ടിക വര്‍ഗ്ഗ സങ്കേതങ്ങളിലെ അതീവദുര്‍ഘട പ്രദേശങ്ങളില്‍ താമസിക്കുന്നവര്‍ക്ക് 20% തുക അധികമായും അനുവദിച്ചുവരുന്നുണ്ട്.<br><br>പട്ടിക വര്‍ഗ്ഗ ഗുണഭോക്താക്കളുടെ വാസയോഗ്യമല്ലാത്ത വീടുകള്‍ക്ക് പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തില്‍ വകുപ്പ് മുഖേന ഒന്നരലക്ഷം രൂപയുടെ ധനസഹായം നല്‍കിവരുന്നുണ്ട്. 2018-19 |

| | | | |
|---|---|---|---|
| | | | പ്രളയക്കെടുതിയിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് ദുരന്ത നിവാരണ വകുപ്പ് നൽകുന്ന 4 ലക്ഷം രൂപയുടെ ധനസഹായത്തിന് പുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2 ലക്ഷം രൂപ അധികമായും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും, ഭവനരഹിതരുമായ പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാസയോഗ്യമായ ഭൂമി കണ്ടെത്തി വാങ്ങി നൽകി പുനരധിവസിപ്പിക്കുകയും, ഭവന നിർമ്മാണത്തിനും, ടി കുടുംബങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള ധനസഹായവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ആദിവാസി ജനതയുടെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആവിഷ്കരിച്ചിട്ടുള്ള വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക ഉന്നമന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ലൈഫ് മിഷൻ മുഖേന ഭവന രഹിതർക്കും, ഭൂരഹിത ഭവന രഹിതർക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ 75 കൊല്ലമോ, 25 കൊല്ലം വീതമോ ഉള്ള തുടർച്ചയായ മൂന്ന് തലമുറകളിലായി വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് അവരുടെ ഭൂമിയിന്മേലുള്ള അവകാശം ഉറപ്പാക്കുന്നതിനായി വനാവകാശ നിയമം 2006 പ്രകാരം കൈവശാവകാശരേഖയും നൽകിവരുന്നുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂഭൂമി വിതരണം എന്നീ പദ്ധതികളിലായി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വിതരണം ചെയ്തുവരുന്നു. ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യമായ വീടും അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പദ്ധതി സംബന്ധിച്ച വിവരം

### വിദ്യാഭ്യാസം

- പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി
- പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി
- ഗോത്രസാരഥി പദ്ധതി
- അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ് മെന്റ് പദ്ധതി
- ട്യൂട്ടോറിയൽ ഗ്രാന്റ്
- സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
- ഭാരത ദർശൻ (പ്രത്യേക ദുർബല ഗോത്ര വിഭാഗം), സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര
- രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്
- ലാപ്ടോപ്പ് വിതരണം
- വിദേശപഠനത്തിനുള്ള ധനസഹായം
- ഹോസ്റ്റലുകൾ/എം.ആർ.എസ്സുകൾ
- സാമൂഹ്യ പഠന മുറി
- മെന്റർ ടീച്ചർമാരുടെ സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി
- സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം
- മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം
- പൊതു പ്രവേശനപരീക്ഷാ പരിശീലനം.

### ആരോഗ്യം

- സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
- അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം
- ജനനി ജന്മരക്ഷാ പദ്ധതി
- പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി
- ആംബുലൻസ് സേവനം
- മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ
- ഒ.പി ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും

### സാമൂഹിക-സാമ്പത്തിക ഉന്നമന പദ്ധതികൾ

- അടിയ പണിയ പ്രാക്തനവർഗ്ഗങ്ങൾ, വനത്തിനുള്ളിൽ ജീവിക്കുന്ന പട്ടിക വർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ്.
- ഭക്ഷ്യ സഹായ പദ്ധതി

- കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)
- അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി
- പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം
- ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം
- ഊരുകൂട്ടങ്ങൾ
- പ്രത്യേക കേന്ദ്ര സഹായ പദ്ധതി
- ഭവനപുനരുദ്ധാരണം
- പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള ധനസഹായം
- ഏറ്റവും പിന്നോക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽ പരിശീലനം
- വിവര വിനിമയ വിദ്യാഭ്യാസ പദ്ധതി (IEC)
- പട്ടികവർഗ്ഗ പ്രദേശത്തും, വനത്തിനുള്ളിലും താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
- കമ്മ്യൂണിറ്റി കിച്ചൻ
- പാരമ്പര്യ വൈദ്യൻമാർക്ക് ധനസഹായം
- പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി
- കേരള ട്രൈബൽ പ്ലസ്
- ഗോത്രജീവിക
- നമത് വെള്ളാമെ
- മിശ്രവിവാഹ ധനസഹായം
- ഹരിതരശ്മി

സെക്ഷൻ ഓഫീസർ